# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.606 07.01.2014-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

**ശ്രീ.കെ.കെ.നാരായണൻ**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### നികുതി/ഡ്യൂട്ടി വഴിയുള്ള വരവ്

| | | |
|---|---|---|
| (എ) | നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ സംസ്ഥാനനികുതികളും ഡ്യൂട്ടികളും വഴിയുള്ള മൊത്തം വരവ് പ്രതീക്ഷിച്ചത് എത്ര തുകയാണ്; അതിൽ കമോഡിറ്റീസ് ആൻഡ് സർവ്വീസസിന്മേൽ പ്രതീക്ഷിച്ച ടാക്സ് എത്ര; | നടപ്പു സാമ്പത്തിക വർഷം സംസ്ഥാന നികുതികളും ഡ്യൂട്ടികളും വഴി പ്രതീക്ഷിക്കുന്ന ആകെ വരവ് 38771.10 കോടി രൂപയാണ്. ഇതിൽ ടാക്സസ് ഓൺ കമോഡിറ്റീസ് ആന്റ് സർവ്വീസിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം 34317.03 കോടി രൂപയാണ്. |
| (ബി) | ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ലഭിച്ച സംസ്ഥാന നികുതികളും ഡ്യൂട്ടികളും വഴിയുള്ള മൊത്തം വരവ് എത്ര; അതിൽ കമോഡിറ്റീസ് ആൻഡ് സർവ്വീസസിന്മേൽ ലഭിച്ച ടാക്സ് എത്ര; ഇവ രണ്ടും ഈ വർഷം ഇതുവരെയുള്ള കാലയളവിലേയ്ക്കു പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനമാണ്; | പ്രാഥമിക കണക്കുകൾ പ്രകാരം 31.10.2013 വരെ സംസ്ഥാന നികുതികളും ഡ്യൂട്ടികളും വഴി ലഭിച്ച ആകെ വരുമാനം 17936.78 കോടി രൂപയാണ്. ഇതിൽ കമോഡിറ്റീസ് ആന്റ് സർവ്വീസിൽ നിന്നും ലഭിച്ച വരുമാനം 16382.40 കോടി രൂപയാണ്. ഇവ യഥാക്രമം ആകെ പ്രതീക്ഷിച്ചതിന്റെ 46.26% വും 47.74% ആണ്. |
| (സി) | ബഡ്ജറ്റിലെ നിർദ്ദേശമനുസരിച്ചുള്ള അധികവിഭവസമാഹരണം കൂടി പരിഗണിച്ചാൽ മേൽപ്പറഞ്ഞവയിൽ പ്രതീക്ഷിച്ച വരുമാനം എത്ര; ലഭിച്ചത് എത്ര? | അധിക വിഭവ സമാഹരണമുൾപ്പെടെ 2013-14 ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം ആകെ പ്രതീക്ഷിച്ച സംസ്ഥാന തനത് നികുതി വരുമാനം 39909.43 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം അധിക വിഭവ സമാഹരണം വഴിയുള്ളതുൾപ്പെടെ 31.10.2013 വരെ സംസ്ഥാന നികുതികളും ഡ്യൂട്ടികളും വഴി ലഭിച്ച ആകെ വരുമാനം 17936.78 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ